"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.242/2022/HEDN തീയതി,തിരുവനന്തപുരം, 18-05-2022

---

പരാമർശം:- സ.ഉ.(കൈ)നം.96/2021/ഉ.വി.വ., തീയതി 15/2/2021

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി പരാമർശം പ്രകാരം ഉത്തരവായിരുന്നു. ടി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു;

1) സംസ്ഥാനത്തെ യൂണിറ്ററി മാനേജ്മെന്റ് വിഭാഗത്തിൽപ്പെട്ട എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നിവിടങ്ങളിൽ അനദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും അദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും കോർപ്പറേറ്റ് മാനേജ്മെന്റ് വിഭാഗത്തിൽപ്പെട്ട കോളേജുകളിൽ ഓരോ യൂണിവേഴ്സിറ്റിയുടെയും പരിധിയിൽ ഒരു മാനേജ്മെന്റിന് കീഴിൽ വരുന്ന എല്ലാ കോളേജുകളിലേയും അനദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും അദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും കണ്ട് ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതാണ്.

2)7.2.1996 മുതൽ 18.4.2017 വരെ 3 ശതമാനവും 19.4.2017 മുതൽ 4 ശതമാനവും ഓരോ ഭിന്നശേഷി വിഭാഗത്തിനും 1 ശതമാനം ലഭിക്കുന്ന രീതിയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതാണ്.

3)ഭിന്നശേഷി സംവരണം ഇതുവരെ നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്ക് 7.2.1996 മുതൽ 18.4.2017 വരെ നടത്തിയ നിയമങ്ങളിൽ 3 ശതമാനവും 19.4.2017 മുതൽ ഇതുവരെ നടത്തിയ നിയമങ്ങളിൽ 4 ശതമാനവും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി ഇനി മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കേണ്ടതാണ്. നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ കുറവ് വരുത്താവുന്നതാണ്.

4)4% ഭിന്നശേഷി സംവരണം, റിസർവേഷൻ റോസ്റ്ററിൽ 25 ന്റെ ഓരോ ബ്ലോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തു റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയാറാക്കേണ്ടതാണ്.

5)മുൻഗണനാ ക്രമം 1. കാഴ്ചപരിമിതർ, 2. ശ്രവണപരിമിതർ, 3. അംഗവൈകല്യമുള്ളവർ, 4. ലോക്കോമോട്ടോർ ഡിസബിലിറ്റി / സെറിബ്രൽ പാൾസി എന്ന രീതിയിലായിരിക്കണം.

6)റൊട്ടേഷൻ വ്യവസ്ഥപ്രകാരം അദ്ധ്യാപക തസ്തികയിലെ ഏത് വിഭാഗങ്ങളിൽപ്പെട്ട പോസ്റ്റുകളാണ് ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുക എന്ന് നിശ്ചയിച്ച് വിജ്ഞാപനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

7)അർഹതപ്പെട്ട എല്ലാ വിഷയങ്ങൾക്കും സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷനിലായിരിക്കണം

നിയമനം നടത്തേണ്ടത്.

8) ആറാം വ്യവസ്ഥപ്രകാരം തസ്തിക നിശ്ചയിക്കുമ്പോൾ നിലവിൽ ഭിന്നശേഷിക്കാർ 4 ശതമാനം ഉള്ള പഠനവിഭാഗത്തിലെ തസ്തിക തന്നെ വന്നാൽ തൊട്ടടുത്ത വിഭാഗത്തിലെ തസ്തികയിലേക്ക് സംവരണം മാറ്റാവുന്നതാണ്. പഠനവകുപ്പുകളുടെ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിലുള്ള ഒരു പട്ടിക തയ്യാറാക്കി അതിലെ ക്രമത്തിലായിരിക്കണം ഇങ്ങനെ മാറ്റുന്നത്.

9) സയൻസ് വിഷയങ്ങളിൽ കാഴ്ച പരിമിതർക്കുള്ള സംവരണം G.O.(P) No.119/2005/SWD dated 6/8/2005 നമ്പർ ഉത്തരവിന്റേയും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിക്കുന്ന ഭേദഗതി ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

10) കായിക വിദ്യാഭ്യാസ വകുപ്പിനെ സംവരണ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനു വേണ്ടി RPWD Act മുപ്പത്തിനാലാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ 2-ാം ക്ലിപ്തനിബന്ധന പ്രകാരം സംസ്ഥാന ഭിന്നശേഷി കമ്മീഷണറുമായി ആലോചിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

11) ഭിന്നശേഷി സംവരണം ഉൾപ്പെടുത്തിയ റോസ്റ്റർ അതാത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ, ടി റോസ്റ്ററിന്റെ പകർപ്പ് സെലക്ഷൻ കമ്മറ്റിയിലേക്കുള്ള സർക്കാർ നോമിനിക്കായി അപേക്ഷിക്കുന്ന വേളയിലും നിയമനാംഗീകാരത്തിനായി അപേക്ഷിക്കുന്ന വേളയിലും നിയമനാധികാരി ഹാജരാക്കേണ്ടതാണ്.

12) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികയിൽ അപേക്ഷകർ ഇല്ലാതെ വന്നാൽ ഒരാവർത്തികൂടി വിജ്ഞാപനം ചെയ്യേണ്ടതും അതിനു ശേഷവും ഇല്ലാതെ വന്നാൽ ഖണ്ഡിക (8) ലെ നിബന്ധനപ്രകാരം റൊട്ടേഷൻ മാറ്റാവുന്നതുമാണ്.

13) എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ എന്നിവയിൽ 7/2/1996 മുതലുള്ള അദ്ധ്യാപക തസ്തികകൾ കണക്കാക്കി റൊട്ടേഷൻ പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് സർവ്വകലാശാലകളെയും അനദ്ധ്യാപക തസ്തികകൾ കണക്കാക്കി റൊട്ടേഷൻ പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്തുന്നു. നിയമനത്തിന് സർക്കാർ പ്രതിനിധിയെ ആവശ്യപ്പെടുന്ന ഘട്ടത്തിൽ സർവ്വകലാശാലയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും തയ്യാറാക്കി നൽകുന്ന റോസ്റ്റർ സർക്കാരിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ, നിയമനാംഗീകാരം നല്കുന്ന വേളയിൽ ടി റൊട്ടേഷൻ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരി ഉറപ്പുവരുത്തേണ്ടതാണ്.

14) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 7/2/1996 മുതലുള്ള തസ്തികകൾ കണക്കാക്കി റൊട്ടേഷൻ പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്തുന്നു. നിയമനത്തിന് സർക്കാർ പ്രതിനിധിയെ ആവശ്യപ്പെടുന്ന ഘട്ടത്തിൽ സർവ്വകലാശാലയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും തയ്യാറാക്കി നൽകുന്ന റോസ്റ്റർ സർക്കാരിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ, നിയമനാംഗീകാരം നല്കുന്ന വേളയിൽ ടി റൊട്ടേഷൻ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരി ഉറപ്പുവരുത്തേണ്ടതാണ്.

15) എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ 7/2/1996 മുതലുള്ള തസ്തികകൾ കണക്കാക്കി റൊട്ടേഷൻ പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. സർക്കാർ പ്രതിനിധിയെ നിയമിക്കുന്ന ഘട്ടത്തിലും നിയമനാംഗീകാരം നല്കുന്ന വേളയിലും ടി റൊട്ടേഷൻ പാലിച്ചിട്ടുണ്ടെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

16) ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളിൽ സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനുകളിലോ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ഈ ഉത്തരവ് തീയതിമുതൽ 3 മാസത്തിനകം ആയത് നടപ്പിൽ വരുത്തേണ്ടതാണ്.

17) ബാക്ക് ലോഗ് തസ്തികകൾ നികത്തുന്നതിന് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

18) എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണത്തിനായി നിയമനപ്രക്രിയയുടെ ഭാഗമായി പ്രത്യേക റാങ്ക് പട്ടിക തയ്യാറാക്കേണ്ടതാണ്. റാങ്ക് പട്ടികയിലെ ആദ്യറാങ്കുകാരൻ ജോലിയിൽ പ്രവേശിക്കുന്നില്ലായെങ്കിൽ അർഹതാ മാനദണ്ഡം അനുസരിച്ചുള്ള അടുത്ത

റാങ്കുകാരന് സംവരണം മാറ്റി നൽകേണ്ടതാണ്.

19) യു.ജി.സി മാനദണ്ഡമനുസരിച്ചുള്ള യോഗ്യതയും മറ്റ് തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളും സംവരണതസ്തികകൾക്കും ബാധകമായിരിക്കും.

20) ഈ ഉത്തരവിന് മുൻപ് നടത്തിയ നിയമനങ്ങൾ സാധൂകരിക്കുന്നു. ഇവ കൂടി ബാക്ക് ലോഗ് തസ്തികയായി കണക്കാക്കി നികത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3) സെക്രട്ടറി, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ആഞ്ജനേയ, ശാസ്തമംഗലം-695010
4) രജിസ്ട്രാർ, കേരള/എം.ജി./കാലിക്കറ്റ്/കണ്ണൂർ/എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല
5) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/ എറണാകുളം/ തൃശ്ശൂർ/ കോഴിക്കോട്
6) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
7) സാമൂഹ്യ നീതി വകുപ്പ്
8) www.highereducation.kerala.gov.in
9) ഉന്നത വിദ്യാഭ്യാസ (ബി/സി/എഫ്/ജെ/എൽ) വകുപ്പ്
10) കരുതൽ കോപ്പി / ഓഫീസ് കോപ്പി (ഡി1/178/2020/ഉ.വി.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ